DESPATCHED On. 24/2/2020
29/01/2020



# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

തിരുവനന്തപുരം_695 001
Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920
Email: sic@kerala.nic.in

**ഹർജി നമ്പർ CP.No.1093(1)/2019/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**File No.20256/SIC-Gen4/2019**

സന്നിഹിതൻ
ശ്രീ.വിൻസൻ എം.പോൾ, മുഖ്യവിവരാവകാശ കമ്മീഷണർ

ശ്രീ. എ. ഹസുബുള്ള,
അൽ–സഹറത്ത്,
കുഴിമുക്ക്, ആറ്റിങ്ങൽ,
തിരുവനന്തപുരം. } പരാതി ഹർജിക്കാരൻ

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
ആറ്റിങ്ങൽ മുനിസിപ്പാലിറ്റി,
ആറ്റിങ്ങൽ – 695 101,
തിരുവനന്തപുരം. } എതിർകക്ഷി

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 06/11/2019 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 23/11/2019 |
| കമ്മീഷനിൽ പരാതി ഹർജി സമർപ്പിച്ച തീയതി | 09/12/2019 |
| കമ്മീഷനിൽ പരാതി ഹർജി കൈപ്പറ്റിയ തീയതി | 10/12/2019 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 24/12/2019 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 27/01/2020 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 28/01/2020 – സംസ്ഥാന വിവരാവകാശ കമ്മീഷൻ ആഫീസ്, തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എതിർകക്ഷി | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ. എ.ഹസുബുള്ള, കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാന്റെ അപേക്ഷയിന്മേൽ എതിർകക്ഷി നൽകിയ മറുപടി ടിയാനെ ദു:ഖിപ്പിക്കുന്നതും അതിലേറെ അത്ഭുതപ്പെടുത്തുന്നതുമായിരുന്നു എന്നും എങ്ങനെ, എപ്പോൾ ഉദ്യോഗസ്ഥർ വന്ന് സ്ഥല പരിശോധന നടത്തി എന്നു ടിയാന് അറിയില്ല എന്നും ഹർജിക്കാരന്റെ അപേക്ഷ സംബന്ധിച്ച് അനന്തരനടപടികൾ കൈക്കൊള്ളാൻ നഗരസഭയിൽ നിർവ്വാഹമില്ല എന്നറിയിച്ചു കൊണ്ടുള്ള മറുപടി ശരിയല്ല എന്നും ആയതിനാൽ പ്രശ്നപരിഹാരത്തിനായി സംസ്ഥാന വിവരാവകാശ കമ്മീഷനെ സമീപിക്കുന്നു എന്നും മറ്റുമാണ്.

2. എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ പ്രസ്താവിച്ചത്, 9.7.2019 തീയതി ടിയാൻ ജില്ലാ കളക്ടർക്ക് ഒരു പരാതി

നൽകിയിരുന്നു എന്നും ആയത് പരിഹാരത്തിനായി മുനിസിപ്പാലിറ്റിക്ക് അയച്ചുകൊടുത്തിട്ടുണ്ടെന്ന് ടിയാനെ അറിയിച്ചു എന്നും എന്നാൽ ഇന്നേ വരെ രേഖാമൂലം ടിയാന് യാതൊരു മറുപടിയും ലഭിച്ചിട്ടില്ല എന്നും മുമ്പ് 25.3.2019 തീയതി താലൂക്ക് തഹസിൽദാർക്ക് പരാതി നൽകിയിരുന്നു എന്നും ടിയാന്റെ പരാതിയിൽ ചൂണ്ടിക്കാട്ടിയ മരത്തിന്റെ ശാഖകൾ മുറിച്ചു മാറ്റിയത് ഒഴിച്ചാൽ ഒരു ചർച്ചയ്ക്കു പോലും ക്ഷണിക്കാതെ പ്രശ്നം അവസാനിപ്പിക്കുകയാണുണ്ടായത് എന്നും 3 വർഷങ്ങൾക്ക് മുമ്പ് ആർ.ഡി.ഒ.യ്ക്ക് ഒരു ആവലാതി ബോധിപ്പിച്ചിരുന്നു എന്നും ആയതുപ്രകാരം ആറ്റിങ്ങൽ വില്ലേജ് ഓഫീസർ നേരിട്ട് സ്ഥലത്ത് എത്തി ഉടനടി മേൽ പ്രസ്താവിച്ച മരം മുറിച്ചു മാറ്റണമെന്ന് വിധിച്ചെങ്കിലും രണ്ടാഴ്ചത്തെ സമയം കൂടി എതിർകക്ഷി ആവശ്യപ്പെട്ടു എന്നും പിന്നീട് യാതൊന്നും സംഭവിച്ചില്ല എന്നും ബന്ധപ്പെട്ട മരത്തിൽ നിന്നും ഇലയും മറ്റും വീണ് കിണറ്റിലെ വെള്ളം കുടിക്കാനും കുളിക്കാനും ഉപയോഗിക്കാൻ പറ്റാത്ത വിധത്തിൽ ആയിരിക്കുന്നു എന്നും ആയതിനാൽ മേൽപ്പടി മരം എത്രയും വേഗം മുറിച്ചു മാറ്റി നൽകുന്നതിനുള്ള നിർദ്ദേശം നൽകണമെന്നും മറ്റുമാണ്.

3. എതിർകക്ഷി (ആറ്റിങ്ങൽ നഗരസഭ) ഹർജിക്കാരന് നൽകിയ മറുപടിയിൽ അറിയിച്ചത്, തിരുവനന്തപുരം ജില്ലാ കളക്ടറുടെ 2.8.2019-ലെ 4/ഇ/2019 നമ്പർ കത്തു പ്രകാരം പി.എച്ച്.2/10065/19 തീയതി 26.8.2019 അപേക്ഷയിന്മേൽ നഗരസഭ ഹെൽത്ത് സൂപ്പർവൈസർ, ഹെൽത്ത് ഇൻസ്പെക്ടർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ എന്നിവർ സംയുക്ത പരിശോധന നടത്തിയതിൽ നിന്നും ഹർജിക്കാരന്റെ അപേക്ഷയിലെ എതിർകക്ഷിയായ ശ്രീ. എം.ആർ.രവീന്ദ്രൻ എന്നയാളുടെ പുരയിടത്തിൽ നിൽക്കുന്ന ആഞ്ഞിലി മരത്തിന്റെ ശിഖരങ്ങൾ മുഴുവനും മുറിച്ചു നീക്കിയിട്ടുള്ളതാണെന്നും നിലവിൽ മേൽപ്പടി മരം മൂലം അപകടമുണ്ടാകാൻ സാധ്യതയില്ല എന്ന് ബോധ്യപ്പെട്ടതിനാൽ മേൽപ്പടി പരാതി നിലവിൽ പരിഹരിച്ചിട്ടുള്ളതായി റിപ്പോർട്ട് ലഭിച്ചിട്ടുള്ളതാണെന്നും ആയതിനാൽ മേൽപ്പടി പുരയിടത്തിന്മേൽ അനന്തരനടപടികൾ കൈക്കൊള്ളാൻ നഗരസഭയ്ക്ക് നിർവ്വാഹമില്ല എന്നുമാണ്.

4. എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ തിരുവനന്തപുരം ജില്ലാ കളക്ടർക്ക് സമർപ്പിച്ച അപേക്ഷ 26.8.2019 തീയതി ആറ്റിങ്ങൽ നഗരസഭയിൽ ലഭിക്കുകയുണ്ടായി എന്നും മേൽപ്പടി അപേക്ഷയിന്മേൽ വാർഡ് ചുമതലയുള്ള ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ സ്ഥലപരിശോധന നടത്തി എന്നും ആയതുപ്രകാരം പരാതിയിൽ ചൂണ്ടിക്കാട്ടിയ ആഞ്ഞിലി മരം മുറിച്ചു മാറ്റുന്നതിനും വട്ടത്താമര പ്ലാവ് വൃക്ഷങ്ങളുടെ ശിഖരങ്ങൾ മുറിച്ചു മാറ്റുന്നതിനും റിപ്പോർട്ട് നൽകിയിരുന്നു എന്നും മേൽപ്പടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എതിർകക്ഷിയായ ശ്രീ. എം.ആർ.രവീന്ദ്രൻ എന്നയാൾക്ക് ആഞ്ഞിലി മരം മുറിച്ചു മാറ്റുന്നതിനും വട്ടത്താമര പ്ലാവ് വൃക്ഷങ്ങളുടെ ശിഖരങ്ങൾ മുറിച്ചു മാറ്റുന്നതിനും നോട്ടീസ് നൽകിയിരുന്നു എന്നും വൃക്ഷങ്ങളുടെ ശിഖരങ്ങൾ മുറിച്ചു മാറ്റിയിട്ടുണ്ട് എന്ന് മേൽപ്പടി എതിർകക്ഷി നോട്ടീസിന് മറുപടി നൽകിയിരുന്നു എന്നും മേൽപ്പടി മറുപടിയുടെ അടിസ്ഥാനത്തിൽ നഗരസഭ ഹെൽത്ത് സൂപ്പർവൈസർ, ഹെൽത്ത് ഇൻസ്പെക്ടർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ എന്നിവർ സംയുക്ത പരിശോധന നടത്തിയിരുന്നു എന്നും എതിർകക്ഷിയുടെ പുരയിടത്തിൽ നിൽക്കുന്ന ആഞ്ഞിലി മരത്തിന്റെയും മറ്റ് വൃക്ഷങ്ങളുടെയും ശിഖരങ്ങൾ മുഴുവനും മുറിച്ചു നീക്കിയിട്ടുള്ളതായും

അക്കാരണം കൊണ്ട് പരാതിയിൽ പറഞ്ഞിരിക്കുന്ന വൃക്ഷങ്ങൾ മൂലം ഹർജിക്കാരന് നിലവിൽ യാതൊരു അപകടവും ഉണ്ടാകാൻ സാധ്യതയില്ല എന്നു ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ മേൽപ്പടി പരാതിയിന്മേലുള്ള അനന്തരനടപടികൾ നിർത്തി വച്ചിട്ടുള്ളതാണെന്നും ഹർജിക്കാരൻ മേൽപ്പടി വിഷയത്തിൽ ചിറയിൻകീഴ് താലൂക്ക് ഓഫീസിൽ പരാതി നൽകിയതിനെ തുടർന്ന് എതിർകക്ഷിയായ ശ്രീ. എം.ആർ.രവീന്ദ്രന് തഹസിൽദാർ നൽകിയ നിർദ്ദേശത്തിന്റെ പകർപ്പ് ടിയാൻ നഗരസഭ മുമ്പാകെ ഹാജരാക്കിയിരുന്നു എന്നും മരത്തിന്റെ ശിഖരങ്ങൾ മുറിച്ചു മാറ്റി പരിപാലിക്കാനാണ് തഹസിൽദാർ നിർദ്ദേശം നൽകിയിരുന്നത് എന്നും ഹർജിക്കാരന്റെ 11.11.2019-ലെ അപേക്ഷയിന്മേൽ 25.11.2019 തീയതി വിവരം ലഭ്യമാക്കിയിട്ടുള്ളതാണെന്നും മറ്റുമാണ്.

5. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ ആവശ്യം എതിർകക്ഷിയുടെ പുരയിടത്തിൽ നിൽക്കുന്ന ആഞ്ഞിലി മരം മുറിച്ചു മാറ്റണമെന്നുള്ളതാണ്. ടിയാന്റെ അപേക്ഷയിൽ എതിർകക്ഷി ഓഫീസിലെ ഏതെങ്കിലും ഫയലിലോ രജിസ്റ്ററിലോ ലഭ്യമായിട്ടുള്ള 'വിവരം' തേടിയിട്ടുള്ളതായി കാണുന്നില്ല. കമ്മീഷൻ മുമ്പാകെ ഹാജരായ ആറ്റിങ്ങൽ നഗരസഭ ഹെൽത്ത് വിഭാഗം സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ബോധിപ്പിച്ചത്, ഹർജിക്കാരന് മേൽപ്പടി വിഷയത്തിൽ പരാതിയുണ്ടെങ്കിൽ ആയത് സംബന്ധിച്ച് വീണ്ടും സ്ഥലപരിശോധന നടത്തി നിയമാനുസൃത നടപടികൾ സ്വീകരിക്കാവുന്നതാണെന്നാണ്. വിവരാവകാശ നിയമപ്രകാരം ഹർജിക്കാരൻ എതിർകക്ഷി ഓഫീസിൽ നിന്നും എന്തെങ്കിലും വിവരം തേടിയിട്ടുള്ളതായി കാണാത്തതിനാലും ഹർജിക്കാരന്റെ പരാതി വിഷയം സംബന്ധിച്ച് എടുത്തിട്ടുള്ള നടപടികൾ സംബന്ധിച്ച് വ്യക്തമായ വിവരം എതിർകക്ഷി നൽകിയിട്ടുള്ളതായി കാണുന്നതിനാലും, ഈ പരാതി ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ പരാതി ഹർജി ഇന്നേ ദിവസം 2020 ജനുവരി 29-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി

us

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM